**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 16** **12-01-2021 - ൽ മറുപടിയ്ക്ക്**

**കെ. റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ എം ഷാജി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട കെ. റെയിൽ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. വിശദ പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, നീതി ആയോഗ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ആഘാത പഠനങ്ങളോ സാമൂഹ്യ ആഘാത പഠനങ്ങളോ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | റെയിൽ പദ്ധതികൾക്ക് പരിസ്ഥിതി ആഘാത പഠനം നിയമപരമായി ആവശ്യമില്ല എങ്കിലും വിശദ പദ്ധതി റിപ്പോർട്ടിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനം നടത്തുകയുണ്ടായി. ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹിക ആഘാത പഠനം നടത്തുന്നതാണ്. |
| (സി) | ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഇരുപതിനായിരത്തോളം കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുന്ന സാഹചര്യമുണ്ടോ; | (സി) | സിൽവർലൈൻ പദ്ധതി റെയിൽ മന്ത്രാലയത്തിൻറേയും കേന്ദ്ര സർക്കാരിന്റേയും പരിഗണനയിൽ ആണ്. കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് ആവശ്യമായ എല്ലാ പഠനങ്ങളും നടത്തുന്നതോടൊപ്പം, റെയിൽവേ മന്ത്രാലയം, കേന്ദ്ര ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുകയുള്ളൂ. |
| (ഡി) | എങ്കിൽ ഇവരുടെ ആശങ്കകൾ അകറ്റുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | സിൽവർലൈൻ പദ്ധതി റെയിൽ മന്ത്രാലയത്തിൻറേയും കേന്ദ്ര സർക്കാരിന്റേയും പരിഗണനയിൽ ആണ്. കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് ആവശ്യമായ എല്ലാ പഠനങ്ങളും നടത്തുന്നതോടൊപ്പം, റെയിൽവേ മന്ത്രാലയം, കേന്ദ്ര ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരം |

| | | | |
|---|---|---|---|
| | | | ലഭ്യമായതിനു ശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ